15754
19/11/15

കേരള സർക്കാർ

<u>സംഗ്രഹം</u>

വനം വന്യജീവി വകുപ്പ്-ജീവനക്കാര്യം-വയനാട് ജില്ലയിൽ നോർത്ത് വയനാട് ഡിവിഷനു കീഴിൽ പേര്യ റെയിഞ്ചിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് കാഷ്വൽ സ്വീപ്പറായി ജോലി ചെയ്തുവരുന്ന ശ്രീമതി. കെ. പ്രേമയെ സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## വനം വന്യജീവി (എഫ്) വകുപ്പ്

സ.ഉ(എം.എസ്.) നം. 91/2015/വനം തീയതി, തിരുവനന്തപുരം, 17/11/2015

---

പരാമർശം: 1. 25.11.2005 ലെ സ.ഉ.(പി)നം.501/2005/ധന ഉത്തരവ്.
2. 09.02.2010 ലെ സ.ഉ.(പി)നം.61/2010/ധന ഉത്തരവ്.
3. 23/01/2015, 16/09/2015 എന്നീ തീയതികളിലെ ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഇ 2-18687/14 നമ്പർ കത്ത്.

<u>ഉത്തരവ്</u>

വനം വകുപ്പിൽ വയനാട് ജില്ലയിൽ നോർത്ത് വയനാട് ഡിവിഷനു കീഴിൽ പേര്യ റെയിഞ്ചോഫീസിൽ കെട്ടിടത്തിന്റെ വിസ്തീർണ്ണം 167.36M2 ഉണ്ടെന്നും ആയതു പരിഗണിച്ച് 2001 ആഗസ്റ്റു മുതൽ കാഷ്വൽ സീപ്പറായി ജോലി നോക്കി വരുന്ന ശ്രീമതി. കെ. പ്രേമയെ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തണമെന്ന് പരാമർശ പ്രകാരം 3 പ്രകാരം ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ സർക്കാരിനോട് ശുപാർശ ചെയ്തിരുന്നു.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ റിപ്പോർട്ടു ചെയ്ത വസ്തുതകളുടെ അടിസ്ഥാനത്തിലും പരാമർശം 1 ഉത്തരവിന്റെ അടിസ്ഥാനത്തിലും വയനാട് ജില്ലയിൽ നോർത്ത് വയനാട് ഡിവിഷനു കീഴിൽ പേര്യ റെയിഞ്ചോഫീസിൽ 2001 ആഗസ്റ്റു മുതൽ കാഷ്വൽ സീപ്പറായി ജോലി നോക്കി വരുന്ന ശ്രീമതി. കെ. പ്രേമയെ ടി ഓഫീസിൽ

പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ഉത്തരവ് തീയതി മുതൽ സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. ശ്രീമതി. കെ. പ്രേമയെ സർവ്വീസിൽ നിന്നും വിടുതൽ ചെയ്യുന്ന മുറയ്ക്ക് പ്രസ്തുത തസ്തികയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

കെ.വി.സുധീർ
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ആന്റ് ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്,
തിരുവനന്തപുരം.
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം),തിരുവനന്തപുരം
ശ്രീമതി.കെ.പ്രേമ (അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള , തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് ( നമ്പർ -ExP-C3/36/2015/FIN തീയതി 07/08/2015)
വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ